# WELCOME

Annam Sini A.P.
Asst.Professor,
Dept. Of Malayalam,
Little Flower College ,
Guruvayoor

# സാഹിത്യസിദ്ധാന്തങ്ങൾ

# സഹൃദയൻ

- സമാനമായ ഹൃദയമുള്ളവൻ എന്നാണ് സഹൃദയൻ എന്ന പദത്തിനർത്ഥം.
- കവി സൃഷ്ടിക്കുന്നു സമാനഹൃദയനായ സഹൃദയൻ അതിനെ ആസ്വാദന വേളയിൽ പുന:സൃഷ്ടിക്കുന്നു.
- കവിക്കുള്ളത് പോലെയുള്ള പ്രതിഭയും ഭാവനാശക്തിയും ക്രാന്തദർശിത്വവും പാണ്ഡിത്യവുമെല്ലാം സഹൃദയനും ആവശ്യമാണ്.

സഹൃദയനിൽ കവിത, ഉണക്ക വിറകിൽ തീ എന്നപോലെ പ്രസരിക്കുന്നു.

രാജശേഖരൻ കവി പ്രതിഭ തന്നെയാണ് സഹൃദയനിലൂടെ തേടുന്നത്.

കാരയിത്രി ഭാവയത്രി

ആനന്ദവർദ്ധനന്റെ പക്ഷത്തിൽ രസജ്ഞതയാണ് സഹൃദയത്വത്തിന്റെ മൗലിക സ്വഭാവം.

കവിയുടെ രചയിലേക്ക് ആ ിറങ്ങി അതിന്റെ സാരാംശം ഉൾക്കൊള്ളാനുള്ള കഴിവാണത്

. ബുദ്ധിനൈർമല്യവും തന്മീയഭാവ യോഗ്യതയുമാണ് സഹൃദയ ധർമ്മങ്ങളിൽ പ്രധാനമായി അഭിനവ ഗുപ്തൻ കരുതുന്നത്.

"വിമല പ്രതിഭാന ശാലി ഹൃദയൻ" എന്ന് അഭിനവ ഭാരതിയിൽ സഹൃദയനെ നിർവ്വചിച്ചിരിക്കുന്നു.

കാവ്യാനുശാസനം, അഭ്യാസം എന്നിവ വഴി ഹൃദയ ദർപ്പണം തെളിഞ്ഞ് വർണ്ണനീയവുമായി തന്മയീഭാവം പ്രാപിക്കാൻ കഴിവുള്ളവരും സ്വഹൃദയത്തോട് തന്നെ സംവദിക്കുന്നവരുമാണ് സഹൃദയൻ എന്ന് ധ്വന്യാലോകകാരൻ പറയുന്നു.

രാജശേഖരൻ സഹൃദയരെ നാലാക്കി വിഭജിച്ചിരിക്കുന്നു

1. അരോചികൾ. ഇവർ വിവേകശാലികളാണ്.
2. സത്യണാഭ്യവഹാരികൾ. അവർ വിവേക ശൂന്യരാണ്

3. മത്സരികൾ. ഗുണങ്ങൾ ക ാലും ക ില്ലെന്ന് നടിക്കുന്നവരാണ് അവർ.
4. തത്വാംഭിനിവേശികൾ – ഇവർ കാവ്യ മർമ്മം അറിയുന്നു.
   കാവ്യവിഷ്കാരരീതികളെ വിവേചിക്കുന്നു.
   സൂക്തികൾ കൊ ് സന്തോഷിക്കുന്നു
   രസം അനുഭവിക്കുന്നു.

കവിയും സഹൃദയനും പരസ്പരം പൂരകങ്ങളാണെന്നാണ് പാശ്ചാത്യരുടെ പക്ഷം.

കവിതയെ ‘കവി സഹൃദയാഖ്യം’ എന്ന് വിശേഷിപ്പിക്കുമ്പോൾ അഭിനവ ഗുപ്തനും

കാരയിത്രി, ഭാവയിത്രി എന്നീ ര ു വിഭാഗം പ്രതിഭകൾ സങ്കല്പിച്ചപ്പോൾ രാജശേഖരനും ഈ തത്വം ഉൾകൊ ിരിക്കണം.

# കാവ്യം

- ഭാമഹൻ

“ശബ്ദാർത്ഥൌ സഹിതൌകാവ്യം” എന്ന് നിർവ്വ ചിക്കുന്നു.

സാർത്ഥകശബ്ദങ്ങൾ കൊ ് രചിക്കുന്ന ഒരു കലാശില്പമാകയാൽ ശബ്ദവും അർത്ഥവും മനോരഞ്ജകമായി സമ്മേളിക്കുന്നതാണ് കാവ്യം എന്നാണദ്ദേഹത്തിന്റെ നിഗമനം.

**ദണ്ഡി :-**

**"ശരീരം താവദിഷ്ടാർത്ഥ വ്യവഛിന്നാപദാവലി" എന്ന് നിർവ്വചിക്കുന്നു.**

**സഹൃദയ ഹൃദയാഹ്ലാദകാരികയായ അർത്ഥം ആവിഷ്കരിക്കാൻ ഉതകുന്ന പദാവലിയാണ് കാവ്യത്തിന്റെ ശരീരമെന്ന് വാദിക്കുന്ന ദണ്ഡി ഭാമഹനുമായി യോജിക്കുകയാണ്.**

രുദ്രടൻ
"ശബ്ദാർത്ഥൗ കാവ്യം" എന്ന് നിർവ്വചിക്കുന്നു.

ജഗന്നാഥപണ്ഡിതൻ :
“രമണീയാർത്ഥ പ്രതിപാദക : ശബ്ദ, കാവ്യം,
എന്ന് നിർവ്വചിക്കുന്നു.
രമണീയമായ അർത്ഥത്തെ പ്രതിപാദിക്കുനന
ശബ്ദമാണ് കാവ്യം. എന്ന് നിർവ്വചിക്കുമ്പോൾ ഭാമ
ഹന്റെയും ദണ്ഡിയുടേയും അഭിപ്രായത്തോട്
യോജിച്ചുകൊ ് കവിതയുടെ അർത്ഥത്തിലും
ശബ്ദത്തിലും ഊന്നുന്നു.

ഭരതൻ : “ന ഹിരസാദൃതേ കശ്ചിദർത്ഥ: പ്രവർത്തതേ” എന്ന് രസത്തിന് ഊന്നൽ നൽകുന്നു.

കാവ്യത്തിൽ രസം തന്നെയാണ് പ്രധാനം എന്നാണ് പിൽക്കാലാചാര്യന്മാർ അധികപേരും അഭിപ്രായപ്പെട്ടത്.

വാമനൻ:

"കാവ്യ ശബ്ദോയം ഗുണാലങ്കാര സസ്കൃതയോ ശബ്ദാർത്ഥയോ വർത്തതേ" -

ശബ്ദത്താലും ഗുണത്താലും അലങ്കാരത്താലും അർത്ഥത്താലും വർത്തിക്കുന്നതാണ് കാവ്യം എന്ന് കരുതുന്നു.

സംഭവിക്കാവുന്ന ദോഷങ്ങൾ തീർത്തും പരിഹരിച്ച് ഗുണം, അലങ്കാരം മുതലായ ഹൃദയാവർജ്ജകങ്ങളായ കാവ്യധർമ്മങ്ങൾ ഘടിപ്പിച്ച് ശബ്ദാർത്ഥങ്ങൾ കൊണ്ട് നടത്തുന്ന സൗന്ദര്യസൃഷ്ടിയാണ് കവിത എന്നാണദ്ദേഹത്തിന്റെ നിർവ്വചനത്തിൽ നിന്നും വിവക്ഷിക്കാവുന്നത്.

ആനന്ദവർദ്ധനൻ : "കാവ്യസ്യാത്മാധ്വനി" എന്ന് നിർവ്വചിക്കുമ്പോഴും വ്യാഖ്യാതാവായ അഭിനവഗുപ്തനും രസത്തിൽ തന്നെയാണ് ഊന്നുന്നത്.

രസത്തിന്റെ ആവിഷ്കാരത്തിന് പറ്റിയമാർഗ്ഗം ധ്വനിയാണ്. കവി സഹൃദയനിൽ ഉണർത്താൻ ഉദ്ദേശിക്കുന്ന രസഭാവാദികൾ ഭാഷയിലൂടെ വിഭാവീകൃതമാകുമ്പോൾ വാച്യം അപ്രധാനമാവുകയും വ്യംഗ്യം പ്രധാനമാവുകയും ചെയ്യുന്നു.

ഇപ്രകാരം വിഭാവം സൃഷ്ടിക്കുന്ന കലയാണ് കവിത.

അതും പരിപൂർണ്ണമാകുന്നത് കവി വിവക്ഷ, കാവ്യസന്ദർഭം, കാവ്യവിഷയം, കഥാപാത്രം എന്നിവയുടെ സ്വഭാവമനുസരിച്ച് തക്കതായ മാറ്റം ഭാഷയിൽ വരുത്തുമ്പോഴാണ്.

മാറ്റത്തിനു കവിതയെ പ്രേരിപ്പിക്കുന്നത് ഔചിത്യ ബോധമാണ്.

ഔചിത്യത്തിനപ്പുറം ഒരു കാവ്യസത്യമില്ലെന്നും തുടർന്ന് ആനന്ദവർദ്ധനൻ സിദ്ധാന്തിക്കുന്നു.

കുന്തകൻ :

വക്രോക്തി : കാവ്യജീവിതം” എന്നാണ് കുന്തകന്റെ നിർവ്വചനം.

വാക്കുകളിലെ അസാധാരണവും അലൗകികവുമായ ചമൽക്കാരവിശേഷത്തെയാണദ്ദേഹം വക്രോക്തി എന്നു പറയുന്നത്.

വിശ്വനാഥൻ :

" വാക്യം രസാത്മകം കാവ്യം”- രസാത്മകമായ വാക്യമാണ് കാവ്യം എന്നു നിർവ്വചിക്കുന്നു.

**മമ്മടൻ :**

**"തദദോഷൗ ശബ്ദാർത്ഥൗ സഗുണാവനലംകൃതി പുനഃ ക്വാപി"**

**ദോഷരഹിതങ്ങളും ഗുണസഹിതങ്ങളുമായ ശബ്ദാർത്ഥങ്ങളാണ് കാവ്യം. അലങ്കാരമില്ലാതെയും കവിതയു ാകാം എന്നും തുടർന്നദ്ദേഹം പറയുന്നു**

**ജയദേവൻ :**

**"നിർദോഷാലക്ഷണവതീ സരീതി ഗുണഭൂഷിതാസാലങ്കാര രസാനേക ഹൃത്തിർവാകാവ്യനാമഭാക്"**

–ദോഷരഹിതവും ലക്ഷണം, രീതി, ഗുണം, അലങ്കാരം, രസം, വൃത്തി എന്നിവയിൽ ഭൂഷിതവും ആയ വാക്കാണ് കവിത.

അദോഷൗ സഗുണൗ സാലങ്കാരൗ ച ശബ്ദാർത്ഥൗ കാവ്യം- ഹേമചന്ദ്രൻ

സാധുശബ്ദാർത്ഥസന്ദർഭം ഗുണാലങ്കാരഭൂഷിതം സ്ഫുടരീതി രസോപേതം കാവ്യം- വാഗ്ഭടൻ

ആസ്വാദ്യജീവാതു പദസന്ദർഭഃ കാവ്യം- ചണ്ഡീദാസൻ

ഗുണാലങ്കാരസഹിതൗ ശബ്ദാർത്ഥൗ ദോഷവർജ്ജിതൗ-വിദ്യാനാഥൻ

ശബ്ദാർത്ഥൗ നിർദ്ദോഷൗ സഗുണൗ പ്രായഃ സാലങ്കാരൗ ച കാവ്യം- വാഗ്ഭടൻ 2

വാക്കുകളാൽ മനുഷ്യാനുഭവങ്ങളെ വിവരിക്കുന്നതാണ് കവിത എന്ന് വിന്റേഴ്സ് പറയുമ്പോൾ ഭാമഹന്റെ കാവ്യ തത്ത്വം നാമോർക്കുന്നു.

കവിത താളാത്മകമായ സൗന്ദര്യം സൃഷ്ടിക്കുന്നു. എന്ന് അല്ലൻപോ നിർവ്വചിക്കുമ്പോഴും ആഹ്ളാദകരമായ രൂപങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമ ത്തിന്റെ ഫലമാണ് കവിത എന്ന് ഹെർബർട്ട് റീഡ് പറയു മ്പോഴും ഭാരതീയാചാര്യന്മാരുടെ ശബ്ദം, അർത്ഥം, ധ്വനി, രസം തുടങ്ങിയ ഘടകങ്ങളിൽ തന്നെയാണ് ഊന്നു ന്നത്.

# കാവ്യപ്രയോജനം

- കാവ്യപ്രയോജനത്തെ ര  ുതലത്തിൽ വിശകലനം ചെയ്യാൻ ഭാരതീയാചാര്യൻ ശ്രമിച്ചിട്ടു  ് .
- കവിയുടെ തലത്തിലും സഹൃദയന്റെ തലത്തിലും
- കവിയ്ക്ക് ദൈവസമാനമായ സ്ഥാനം ലഭിക്കുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രയോജനം. സഹൃദയനാകട്ടെ, ബ്രഹ്മാനന്ദ സഹോദരമായ കാവ്യാനന്ദം ലഭിക്കുന്നു എന്നതും.

എങ്കിലും പണ്ഡിതന്മാർക്കിടയിൽ ര   ു
തരം അഭിപ്രായങ്ങൾ രൂപപ്പെട്ടിട്ടു   ്.

- ആഹ്ലാദ ജനകത്വമാണ് അതിന്റെ മുഖ്യപ്രയോജനം എന്ന് ഒരു കൂട്ടരും

- സാംസ്കാരികോന്നമനമാണ് പ്രയോജനമെന്ന് മറുകൂട്ടരും വാദിക്കുന്നു.

ഭാരതീയാചാര്യന്മാർ കവിതയുടെ ര ു പ്രയോജനവും സമന്വയിച്ചുകൊ ുള്ള നില പാടാണ് സ്വീകരിച്ചിട്ടുള്ളത്.

കവിയ്ക്കും സഹൃദയനും അവാന്തര പ്രയോജനങ്ങളും ലഭിക്കുമെന്നും അവർക്ക് അഭിപ്രായമു ്.

ഭരതമുനി

ഉപദേശവും ആനന്ദവും ഒരേ സമയം പ്രദാനം ചെയ്യാനാണ് നാട്യശാസ്ത്രകാരനായ ഭരതമുനി ശ്രമിച്ചിട്ടുള്ളത്.
നാട്യം ധർമ്മാനുസാരിയും അർത്ഥജനകവും കീർത്തിദായകവും ഉപദേശകരവുമാണെന്ന് ഭരതൻ പറയുന്നു.

ലോകത്തിൽ അനുഭവിക്കുന്ന എല്ലാത്തരം കർമ്മങ്ങളും അത് പ്രദർശിപ്പിക്കുന്നു.

എല്ലാവർക്കും എല്ലാ തരത്തിലുള്ള ഉപദേശങ്ങളും കാവ്യത്തിൽ നിന്നും നാട്യത്തിൽ നിന്നും ലഭിക്കുന്നു.

ദു:ഖാർത്തന്മാർക്കും ശ്രമാർത്തന്മാർക്കും ശോകാർത്തന്മാർക്കും തപസ്വികൾക്കും യഥാകാലം അത് വിശ്രാന്തി നൽകുന്നു.
നാട്യം, കാവ്യം, ധർമ്യവും യഥസ്യവും ആയുഷ്യവും ഹിതകരവും ബുദ്ധിവർദ്ധകവും ലോകോപദേശ ജനകവുമായി മാറും എന്നാണ് ഭരതന്റെ പ്രത്യാശ.

മമ്മടൻ

കീർത്തിയും ധനവും നേടിത്തരുന്നു. കവിതയിൽ നിന്ന് ലോക വ്യവഹാര ജ്ഞാനം ലഭിക്കുന്നു. അത് അമംഗങ്ങളെ നശിപ്പിക്കുന്നു. പരമമായ നിർവൃതി നൽകുന്നു അഭിരമിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നു എന്നാണ് മമ്മടൻ കരുതുന്ന കാവ്യപ്രയോജനങ്ങൾ.

# ഭാമഹൻ

കവിയ്ക്ക് അനശ്വരമായ യശസ് കവിത ജനിപ്പിക്കുന്നു എന്നാണ് ഭാമഹന്റെ കാഴ്ചപ്പാട്.

ധർമ്മാർത്ഥകാമമോക്ഷങ്ങൾ കവിത പ്രദാനം ചെയ്യുന്നു.
ആഹ്ലാദ ദായകത്വമാണ് അതിന്റെ മുഖ്യപ്രയോജനം എന്നും ഭാമഹൻ പറയുന്നു.

# ദണ്ഡി

ദണ്ഡിയും കീർത്തിയുടെ കാര്യം വിസ്മരിക്കുന്നില്ല. കവിത, ശബ്ദം കൊ ് ജീവിതത്തെ പ്രകാശമാനമാക്കുന്നു എന്നും അദ്ദേഹത്തിന് അഭിപ്രായമു ്.

## കുന്തകൻ

കാവ്യം ധർമ്മാർത്ഥകാമമോക്ഷങ്ങളെ നൽകുന്നു എന്നാണ് കുന്തകനും പറയുന്നത്. കൂടാതെ അമൃത തുല്യമായ രസപാനം സഹൃദയന് സിദ്ധിക്കുന്നു. ഉപദേശവും ആനന്ദവും ഒരുപോലെ കാവ്യം നിർവ്വഹിക്കുന്നു.

വാമനൻ ദൃശ്യവും അദൃശ്യവുമായ പ്രയോജനങ്ങൾ
കെ ത്തുന്നു. കീർത്തി കവിതയ്ക്കും പ്രീതി സഹൃദ
യനും സിദ്ധമാകുന്നു.

വിശ്വനാഥനും പുരുഷാർത്ഥ സിദ്ധിയായി കാവ്യത്തെ
വിലമതിക്കുന്നു. ശാസ്ത്രത്തെപോലും മധുരതരമായി
പ്രതിപാദിക്കാൻ കാവ്യത്തിന് കഴിയും.

ജഗന്നാഥൻ, രുദ്രഭടൻ, രാജശേഖരൻ എന്നിവരും
കവിതയുടെ ആഹ്ളാദ കാരിത്വത്തിലും സദുപദേശ
പരതയിലും ഊന്നുന്നു.

കാവ്യനുഭൂതി വാസ്തവത്തിൽ പ്രതിജനഭിന്നമാണ്
അത്യന്തം സ്വകാര്യമായ ഒരനുഭവമാണ്.

കലയുടെ സാമൂഹികമായ പ്രയോജനം, ഈ
വൈയയക്തികാനുഭവത്തിൽ നിന്ന് ഉരുത്തിരിയു
ന്നത് തന്നെയാണ്.

# അലങ്കാരം

- അലങ്കാരം എന്ന ശബ്ദത്തിന് വ്യാപകവും പരിമിതവുമായ ര ർത്ഥമു ്.
- സൗന്ദര്യമലങ്കാരം എന്നാണ് വാമനന്റെ അല ങ്കാര ദർശനം.
- കവിതയ്ക്കും ശക്തിയും സൗന്ദര്യവും പ്രദാനം ചെയ്ത് അത് ഉദ്ദേശിക്കുന്ന ആനന്ദം നൽകാൻ കഴിവുറ്റ ഘടകത്തെയാണ് ഭാരതി യാചാര്യന്മാർ അലങ്കാരം എന്ന് വിവക്ഷിക്കു ന്നത്. ഭാരതീയ കാവ്യശാസ്ത്രത്തെ അതു കൊ ് അലങ്കാരശാസ്ത്രം എന്നും വിളിക്കു ന്നു.

പരിമിതമായ അർത്ഥത്തിൽ, കവിതയ്ക്ക് ചാരുത നൽകുന്ന അനേകം ഘടകങ്ങളിൽ ഒന്നാണ് അലങ്കാരം.

കവിതയുടെ സൗന്ദര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം കാവ്യാന്തരീക്ഷത്തിന് മാന്ത്രികത്വം നൽകുന്നത് അലങ്കാരങ്ങളാണ്.

ഭാമഹൻ:

വാചികാഭിനയത്തിനുപോയോഗിക്കുന്ന വാഗർത്ഥങ്ങളെ അവതരിപ്പിക്കുന്നത്.

എന്നാൽ കവിതയിൽ വളരെ പ്രാധാന്യമുള്ള പങ്ക് വഹിക്കുന്ന ഘടകം എന്ന നിലയിൽ അലങ്കാരങ്ങളെ ആദ്യമായി വിവരിക്കുന്നത് ഭാമഹനാണ്.

അദ്ദേഹം 39 അലങ്കാരങ്ങളെ അവ തരിപ്പിക്കുന്നു.

സംസ്കതത്തിലെ പ്രധാനപ്പെട്ട അലങ്കാരങ്ങളെല്ലാം ആദ്യമായി നിർവചിക്കുന്നതും ഭാമഹനാണ്.

1.അനുപ്രാസം 2.യമകം 3.രൂപകം 4.ദീപകം 5.ഉപമ 6.പ്രതിപ സ്തുപമ 7.ആക്ഷേപം 8.അർത്ഥാന്തരന്യാസം 9.വ്യതിരേകം 10.വിഭാവന 11.സമാസോക്തി 12.അതിശയോക്തി 13.യഥാ സംഖ്യം 14.ഉൽപ്രേക്ഷ 15.പ്രയസ് 16.രസവത് 17.ഊർജ്ജസ്വി 18.പര്യായോക്തം 19.സമാഹിതം 20.ഉദാത്തം 21.ശ്ലിഷ്ടം 22.അപഹ്നുതി 23.വിശേഷോക്തി 24.വിരോധം 25.തുല്യയോ ഗിത 26.അപ്രസ്തുത പ്രശംസ 27.വ്യാജസ്തുതി 28.നിദർശനം 29.ഉപമാരൂപകം 30.ഉപമേയോപമ 31.സഹോക്തി 32.പരിവൃത്തി 33.സസന്ദേഹം 34.അനന്വയം 35.ഉൽപ്രേക്ഷവായവം 36.സംസൃഷ്ടി 37.ഭാവികം 38ആശിസ് 39.സ്വഭാവോക്തി.

ഹേതു, സൂക്ഷ്മം, ലേശം എന്നിവയ്ക്ക് അലങ്കാരത്വം നൽകാൻ ഭാമഹൻ കൂട്ടാക്കുന്നില്ല.

അവയിൽ അതിശയോക്തി ഇല്ലാത്തതു കൊ ാണ് ഈ നിഷേധം.

അതിശയോക്തി ഉള്ളതിനെ മാത്രമേ അദ്ദേഹം അലങ്കാരമായി കാണുന്നുള്ളൂ.

സ്വഭാവോക്തി അപ്രകാരം തന്നെ അദ്ദേഹത്തിന് അലങ്കാരമല്ല.

അനുപ്രാസത്തിന് ഗ്രാമ്യം ലാടീയം എന്നിങ്ങനെ തിരിക്കുന്നു.

## രസഭാവാദികൾ അലങ്കാരങ്ങളാണ്

രസവാൻ പ്രേയസ്,ഊർജ്ജസി,സമാഹിതം.

ഉദ്ഭടൻ:

ഭാമഹന്റെ അഭിപ്രായങ്ങളുടെ തുടർച്ച തന്നെയാണ് ഉദ്ഭടന്റേത്.

അദ്ദേഹത്തിന്റെ കാവ്യാലങ്കാര സംഗ്രഹത്തിൽ 38 അലങ്കാരങ്ങളുടെ വിവരണം ഉ ്.

ഭാമഹൻ വിവരിച്ച ക്രമം തന്നെയാണ് ഉദ്ഭടനും പിന്തുടരുന്നത്.

നിദർശനയ്ക്ക് വിദർശന എന്നാണ് നാമകരണം

ഉൽപ്രേക്ഷാവയവം, യമകം, ഉപമാരൂപകം, ആശിസ് എന്നിവ ഉൽഭടൻ ഉൾക്കൊള്ളുന്നില്ല.

കാവ്യലിംഗം, ദൃഷ്ടാന്തം, സങ്കരം എന്നിവ പുതിയതായി ക ത്തി.

ദണ്ഡി :

മുപ്പത്തിയഞ്ച് അലങ്കാരങ്ങളെയാണ് ദണ്ഡി അവതരിപ്പിക്കുന്നത്.

അദ്ദേഹം ഓരോ അലങ്കാരത്തേയും ഒരു സമൂഹമായാണ് കരുതുന്നത്

. ഉപമാചക്രം, രൂപകചക്രം, ദീപക ചക്രം എന്നിങ്ങനെ

പിന്നീട് ഓരോ ചക്രത്തിലും ഓരോ അവാന്തരവിഭാഗങ്ങൾ കല്പിക്കുന്നു.

## രുദ്രടൻ

രുദ്രടൻ അർത്ഥാലങ്കാരങ്ങളെ അതിശയം, സാമ്യം, വാസ്തവം, ശ്ലേഷം എന്നിങ്ങനെ നാലായി തിരിച്ചു.

എന്നാൽ ഈ വിഭജനത്തിന്റെ അതിരുകൾ സ്ഫുട മല്ല.

ഒരലങ്കാരം തന്നെ ഒന്നിലധികം വകുപ്പുകളിൽ ഉൾപ്പെടുന്നു.
രൂപകാതിശയോക്തി, സ്വരൂപോൽപ്രേക്ഷ, ഉല്ലേഖം എന്നിവ സാദൃശ്യലങ്കാരങ്ങളിലും അതിശയോക്തി അലങ്കാരങ്ങളിലും വരും.

ശ്ലേഷം മിക്ക അലങ്കാരത്തിനും സഹായകരമായി നിലകൊള്ളുന്നു. അദ്ദേഹം 68 അലങ്കാരങ്ങളെ വിവേചിച്ചിട്ടു ്.

സരസ്വതികണ്ഠാഭരണത്തിൽ ഭോജൻ 72 അലങ്കാര ങ്ങളേയും

കാവ്യപ്രകാശത്തിൽ മമ്മടൻ 67 എണ്ണവും പ്രതിപാദി ച്ചിട്ടു ്.

രുയ്യകന്റെ അലങ്കാര സർവ്വസ്വത്തിൽ എണ്ണം 80 ആണ്.

ജയദേവന്റെ ചന്ദ്രാലോകത്തിൽ അത് 100 ആയി ഉയ രുന്നു.

അപ്പയ്യദീക്ഷിതർ കുവലയാനന്ദത്തിൽ 115 അലങ്കാര ങ്ങളെ പരാമർശിക്കുന്നു.

അലങ്കാരങ്ങളെ ശബ്ദാലങ്കാരം, അർത്ഥാലങ്കാരം എന്നിങ്ങനെ 2 വിധത്തിൽ ഭാമഹൻ മുതൽക്കുള്ള ആചാര്യന്മാർ വിഭജിക്കുന്നു ്.

ശബ്ദവിന്യാസം കൊ ് കവിതയിൽ വരുത്തി ത്തീർക്കാവുന്ന വൈചിത്ര്യങ്ങളത്രയും ശബ്ദാലങ്കാര ങ്ങളിൽ ഉൾപ്പെടും. അനുപ്രാസം, യമകം എന്നിവയെ യാണ് പൊതുവെ ശബ്ദാലങ്കാരങ്ങളായി കണക്കാക്കു ന്നത്.

അലങ്കാരങ്ങളെ ഭാഷാപരം, സൗന്ദര്യാത്മകം എന്നി ങ്ങനെ ര ായി വിഭജിക്കാവുന്നതാണ്..

അലങ്കാരം, അലങ്കാരഭാസം എന്നും അവയ്ക്ക് പേർ മാറ്റിച്ചൊല്ലാവുന്നതാണ്.

അലങ്കാരങ്ങൾ കവിതയിൽ എത്രത്തോളം ഇഴുകി ച്ചേർന്നിട്ടു ന്ന് നോക്കി അവയെ ബാഹ്യം, ആന്ത രം, ആന്തരതരം എന്നിങ്ങനെ വിഭജിക്കാവുന്നതാണ്.

കവിതയിൽ ആത്മാവ് രസമാണ്.

അതിന് അംഗമായിട്ട് മാത്രമേ അലങ്കാരങ്ങൾ പ്രയോഗിക്കാവൂ

അലങ്കാരങ്ങൾ ഔചിത്യപൂർവ്വം പ്രയോഗിക്കുന്നതിനെപ്പറ്റി ആനന്ദ വർദ്ധനൻ ധ്വന്യാലോകത്തിൽ നിർദ്ദേശങ്ങൾ നൽകുന്നു.

കവിയുടെ അന്തർഭാവത്തിന്റെ ആവിഷ്കാരത്തെ സുഗമമാക്കുന്ന മട്ടിൽ, പ്രത്യേക പ്രയത്നം കൂടാതെ തനിയേ വന്നു ചേരുന്ന അലങ്കാരങ്ങൾ മാത്രമേ കവി കൈകൊള്ളാൻ പാടുള്ളൂ എന്നദ്ദേഹം പറയുന്നു.

.

രസത്തിന്റെ അംഗമാകാനുള്ള കഴിവ് യമകത്തി
നില്ലാതെ പോയത്, അത് സ്വാഭാവികമായി വന്നു
ചേരുന്ന ഒരു അലങ്കാരമല്ലാത്തതു കൊ ാണ്

യമകത്തെ രസാഭാസത്തിന്റെ അംഗമായി
പ്രയോഗിക്കുന്നതിൽ തെറ്റില്ല.
സംഭോഗ ശൃംഗാരം, വിപ്രലംഭ ശൃംഗാരം, കരു
ണം, ശാന്തം എന്നീ മൃദുല രസങ്ങളോടും
യമകം നിർബന്ധിതക്കരുത്.

അനുപ്രാസവും അപ്രകാരം തന്നെ.

അർത്ഥാലങ്കാര പ്രയോഗത്തിനും ചില നിഷ്ഠകൾ പാലിക്കണം.

1. അംഗിയായ രസത്തിന്റെ പ്രാധാന്യം നിലനിർത്തി കൊ ് വേണം പ്രയോഗിക്കാൻ
2. രസം അംഗിയായും അലങ്കാരം അംഗമായും നിൽക്കണം.
3. ഒരു പ്രത്യേക സന്ദർഭത്തിൽ ഒരലങ്കാരം യുക്തമെന്ന് തോന്നിയാൽ അതവിടെ പ്രയോഗിക്കണം.
4. സന്ദർഭോചിതമല്ലാത്ത അലങ്കാരങ്ങൾ ത്യജിക്കണം.
5. അസംഖ്യം അലങ്കാരങ്ങൾ ഒന്നിച്ച് പ്രയോഗിക്കരുത്.
6. നിരവധി അലങ്കാരങ്ങൾ ഒന്നിച്ച് പ്രയോഗിക്കേ ിവരുമ്പോൾ രസഹാനിവരാതെ ശ്രദ്ധിക്കണം.

# രീതി

രുദ്രടൻ

രുദ്രടൻ ഉച്ചരിക്കാൻ പ്രയാസവും ഉച്ചരിച്ചു കേൾക്കുമ്പോൾ കഠിനവും ആയ വർണ്ണങ്ങൾ ചേർത്ത് വിന്യസിച്ചാൽ പരുഷ, മൃദുവർണ്ണങ്ങൾ ചേർത്താൽ കോമള, മധ്യമാർഗ്ഗം, സ്വീകരിച്ചാൽ ഉപനാഗരിക എന്നിങ്ങനെയാണ് വൃത്തവിഭജനം

നാനാദേശിയരുടെ വേഷം, ഭാഷ, ആചാരം, പെരുമാറ്റം എന്നിവയെ കുറിക്കുന്ന പ്രവൃത്തികൾ കൂടി ഭരതൻ വിവേചിച്ചിട്ടു ്.

ആവന്തി, ദാക്ഷിണാത്യ പാഞ്ചാലി, ഉഡ്രമാഗധീ എന്നിങ്ങനെയുള്ള പ്രവൃത്തികളിൽ നിന്ന് രീതി സങ്കല്പം ആരംഭിക്കുന്നു.

ഭാമഹൻ, ദണ്ഡി, കുന്തകൻ എന്നിവർ രീതിയെ മാർഗ്ഗം എന്ന് വ്യവഹരിക്കുന്നു.

കവി ഹൃദയത്തിൽ നിന്ന് അനുവാചക ഹൃദയത്തിലേക്കുള്ള കാവ്യത്തിന്റെ മാർഗ്ഗമാണ് രീതി.

മാർഗ്ഗമേതായാലും അലങ്കാരവത്വം, അശ്രാവ്യത്വം, അർത്ഥ്യത്വം, ന്യായത്വം, അനാകുലത്വം എന്നീ കാവ്യധർമ്മങ്ങളിൽ ഊന്നുന്നു.

ഭാമഹൻ മാർഗ്ഗത്തിന്റെ ആത്മനിഷ്ഠ ധർമ്മങ്ങളെ കുറിച്ചാണ് ദണ്ഡി ഊന്നുന്നത്.

രീതിയിൽ അനുഭവൈകവേദ്യവും അനിർവ്വചനീയവുമായ ഒരു ഘടകത്തെയാണ് ദണ്ഡി ക     ത്തുന്നത്.

ദണ്ഡി രീതികളെ ര ായി തിരിച്ചു-
വൈദർഭം, ഗൗഡം.

വൈദർഭത്തിൽ പത്തു ഗുണങ്ങൾ ഒത്തിരിക്കു
മെന്നും ഗൗഡ ശൈലിയിൽ ഗുണവിപര്യയ
മാണ് കാണുന്നതെന്നും അദ്ദേഹം പറയുന്നു.

അലങ്കാരങ്ങളും രീതിയുടെ മേന്മ വർദ്ധിപ്പി
ക്കും. വൈദർഭ രീതിയെയാണ് ദണ്ഡി
ശ്രേഷ്ഠമായി കാണുന്നത്.

- കാവ്യത്തിന്റെ ആത്മാവാണ് രീതി എന്ന് വാമനൻ പറയുന്നു.
- വിശിഷ്ടമായ പദരചനയാണ് രീതി ഉ ാക്കുന്നത്.
- ഗുണങ്ങൾ ആത്മാവായാൽ പദം വിശിഷ്ടമായി.
- ഗുണങ്ങൾക്ക് സർവ്വ പ്രാധാന്യം വരുന്ന വിധത്തിൽ പദരചന സാധിക്കുന്നതാണ് വാമനന്റെ രീതി.
- വൈദർഭി, ഗൗഡീയം, പാഞ്ചാലി എന്നി മൂന്ന് രീതികളെ വാമനൻ പ്രതിപാദിക്കുന്നു.

ദേശത്തിന്റെ സവിശേഷതകൾക്കനുസൃത
മാണ് രീതി സംജ്ഞകൾ.
വൈദർഭിയിൽ എല്ലാ ഗുണങ്ങളും തിക
ഞ്ഞിരിക്കുന്നു.

സമാസത്തിന്റെ വിരളതയാണതിന്റെ പ്രത്യേ
കത. കാളിദാസ കൃതികളെല്ലാം വൈദർഭ
രീതിയിൽ വിരചിക്കപ്പെട്ടതാണ്.

ഓജസ്സ്, കാന്തി എന്നീ ര ു ഗുണങ്ങൾ ചേർന്നതാണ് ഗൗഡീയം.

ദീർഘസമാസമങ്ങളും ശബ്ദാഡംബരവും അതിന്റെ പ്രത്യേകതകളാണ്.
മാധുര്യം, സൗകുമാര്യം എന്നീ ഗുണങ്ങൾ നിറഞ്ഞതാണ് പാഞ്ചാലി.

- ആനന്ദവർദ്ധനൻ രീതി നിയാമക ധർമ്മങ്ങൾ ഒന്നൊന്നായി വിശദീകരിച്ചിട്ടു ്.
- അദ്ദേഹം രീതിയെ സംഘടന എന്നാണ് സംബോധന ചെയ്യുന്നത്.
- സംഘടന മാധുര്യാദികളായ ഗുണങ്ങളെ ആശ്രയിച്ചു കൊ ് രസങ്ങളെ വ്യഞ്ജിപ്പിക്കുന്നു.
- ഗുണ–സംഘടനകൾ പരസ്പരാശ്രിതങ്ങളാണ്.

കാവ്യപ്രഭേദത്തെ ആശ്രയിച്ച് വരുന്ന വിഷ യത്തിന്റെ ഔചിത്യം നോക്കിയും സംഘട നയ്ക്ക് മാററം വരുത്തണം.

ആനന്ദവർദ്ധൻ സംഘടനാ നിയമാകത ത്വങ്ങളായി കരുതുന്ന വക്താവ്, വാച്യം, വിഷയം,രസം എന്നിവ രചനയിലെ വസ്തു നിഷ്ഠാംശത്തേയും വ്യക്തിനി ഷ്ഠാംശത്തേയും അതാതിന്റെ പ്രാധാന്യ ത്തോടെ അംഗീകരിക്കുന്നു.

പൗരസ്ത്യാലങ്കാരികന്മാരിൽ രീതിയുടെ ആത്മനിഷ്ഠത ഏറ്റവും ഊന്നിപറഞ്ഞിട്ടുള്ളത് കുന്തകനാണ്

ദേശസംബന്ധമായി രീതികൾക്ക് നാമകരണം ചെയ്യുന്നത് തെറ്റാണെന്നാണ് കുന്തകന്റെ ചിന്ത.

കവി സ്വഭാവത്തോട് ബന്ധപ്പെടുത്തിയാണ് കാവ്യ പ്രസ്ഥാനങ്ങൾ മനസ്സിലാക്കേ ത്.

സുകുമാര സ്വഭാവിയായ കവിയുടെ സഹജ മായ ശക്തി ആ സ്വഭാവത്തോട് ഒത്തു പോകു ന്നതായിരിക്കും.

പ്രതിഭയ്ക്ക് അനുസരണമായ സൗകുമാര്യം കൊ ് രമണീയമായ വ്യുല്പത്തിയും ഈ ശക്തിയിൽ ചേരും.

വ്യുൽപത്തി സുകുമാരമാണെങ്കിൽ  അതിന നുഗുണമായ അഭ്യാസവും നടക്കും.

അതുപോലെ വിചിത്ര സ്വഭാവിയായ കവി യുടെ പ്രതിഭ വ്യുല്പത്തി, അഭ്യാസം എന്നി വയും വിചിത്രമാർഗ്ഗാനുസാരിയായിരിക്കും

സുകുമാര വിചിത്ര സ്വഭാവങ്ങൾ ചില കവികളിൽ കലർന്നിരിക്കും. അവരുടെ രചനയിൽ വർണ്ണശോഭ ചേർന്നു കാണാം.

കവി സ്വഭാവത്തോട് ബന്ധപ്പെടുത്തി മാർഗ്ഗങ്ങളെ മനസ്സിലാക്കുമ്പോൾ അവയുടെ അനന്തത അംഗീകരിക്കേ ിവരും.

ഇത് പാശ്ചാത്യരുടെ ""**style is the man**''എന്ന സങ്കല്പത്തിന് സമാനമാണ്.

കവിയുടെ ഉജ്ജ്വലമായ പ്രതിഭയിൽ നിന്ന് ഉത്ഭവിക്കുന്ന നവശബ്ദാർത്ഥങ്ങൾ കൊ ് ബന്ധുരമാണ് സുകുമാര മാർഗ്ഗം.

അതിലെ അലങ്കാരം അനായാസ പ്രയുക്തവും സുന്ദരവുമായിരിക്കും.

വസ്തു സ്വഭാവത്തിന് ഈ മാർഗ്ഗത്തിൽ പ്രാധാന്യമേ റും. അവയിൽ ആഹാര്യകൗശലം, അപ്രധാനമായിരി ക്കും.
രസത്തിന്റെ പരമാർത്ഥം അറിയുന്നവരുടെ ഹൃയത്തോ ടാണ് അത് സംവദിക്കുത്.

ഹൃദയ സംവാദം അതിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു.

അത് ബ്രഹ്മസൃഷ്ടിക്ക് തുല്യമായിരിക്കും. രമണീയത യാണ് അതിന്റെ മുഖം.

അതിലെ എല്ലാത്തരം വൈചിത്യത്തിനു കാരണം പ്രതി ഭയാണ്.
സൽക്കവികൾ സുകുമാര മാർഗ്ഗത്തിലൂടെയാണ് സഞ്ച രിക്കുക.

ശബ്ദാലങ്കാരം, അർത്ഥാലങ്കാരം, വർണ്ണ്യവസ്തു, സ്വഭാവ സന്നിവേശം വൈചിത്ര്യം വിഷയവിഷയീചാരുത എന്നിവ ഈ മാർഗ്ഗത്തിൽ ഇണങ്ങിയിരിക്കും.

മാധുര്യം, പ്രസാദം, ലാവണ്യം, ആഭിജാത്യം എന്നിവ ഈ മാർഗ്ഗത്തിന്റെ സവിശേഷതകളാണ്.

പ്രതിഭയുടെ ആദ്യത്തെ ഉദ്ഭേദം നടക്കുമ്പോൾ ശബ്ദം, അർത്ഥം എന്നിവയ്ക്കിടയിൽ വക്രത സ്ഫുരിക്കുന്നതായി തോന്നുന്നു.

അവിടെ അലങ്കാരത്തിന് മേൽ അലങ്കാരം ചേർക്കുന്നു.

പഴയ ഉല്ലേഖങ്ങൾപോലും ഉക്തിവൈചിത്ര്യത്തിന്റെ മേന്മകൊ ് ഇതിൽ പുതുമ കൈവരിക്കുന്നു.

വാച്യവാചകവൃത്തികളിൽ നിന്ന് വ്യതിരിക്ത മായ വാക്യാർത്ഥത്തിന് പ്രതീകമാനത നിർബ ന്ധിക്കപ്പെട്ടിരിക്കും.

വിചിത്രമാർഗ്ഗത്തെ ഇങ്ങനെയൊക്കെയാണ് കുന്തകൻ പ്രതിപാദിക്കുന്നത്.

മാധുര്യം, പ്രസാദം, ലാവണ്യം, ആഭിജാത്യം എന്നീ ഗുണങ്ങൾ ഇവിടെ വേറെ വേറെ രൂപം കൊള്ളുന്നു.

മാധ്യമമാർഗ്ഗത്തിൽ ര ു മാർഗ്ഗങ്ങളുടെ ഗുണങ്ങളും കലർന്നിരിക്കും.

അതിൽ സഹജവും ആഹാര്യവുമായ ശോഭയുടെ സങ്കരം കാണാം.

നാനാതരം ശോഭകൊ ് മനോഹരമാണ് മധ്യമമാർഗ്ഗം കുന്തകൻ മധ്യമമാർഗ്ഗത്തെ ഇപ്രകാരമെല്ലാം അവതരിപ്പികുന്നു.